പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 375.                                        16.03.2017 -ലെ മറുപടിക്ക്.

**കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം**

ചോദ്യം                                                        മറുപടി

**ശ്രീ.വി.ആർ. സുനിൽ കുമാർ**
**ശ്രീ.ജി.എസ്. ജയലാൽ**
**ശ്രീ. ആർ.രാമചന്ദ്രൻ**
**ശ്രീമതി. സി.കെ.ആശ :**

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാന കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് നൽകുന്നതിനു ലേബർ കമ്മീഷണർക്ക നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) കശുവണ്ടി മേഖലയിലെ പ്രതിസന്ധി പ്രസ്തുത ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക അടിത്തറയ്ക്ക് കാര്യമായ ക്ഷതം ഏൽപ്പിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | (ബി) കശുവണ്ടി മേഖലയിലെ പ്രതിസന്ധി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക അടിത്തറയ്ക്ക് കാര്യമായ ക്ഷതം ഏൽപ്പിച്ചിട്ടുണ്ട്. നിലവിലെ പ്രതിസന്ധി മൂലം 50 ശതമാനത്തോളം ഫാക്ടറികളും അടഞ്ഞുകിടക്കുന്നതിനാൽ ബോർഡിന്റെ വരുമാനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. |
| (സി) പ്രസ്തുത ക്ഷേമനിധി ബോർഡിനെ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) അടഞ്ഞു കിടക്കുന്ന ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും, പ്രവൃത്തി ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു. അതുവഴി കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ അംശദായ വിഹിതത്തിൽ വർദ്ധനയുണ്ടാകുമെന്നും, സാമ്പത്തികപ്രതിസന്ധിയ്ക്ക് അയവ് വരുമെന്നും സർക്കാർ കരുതുന്നു. |

സെക്ഷൻ ഓഫീസർ